LITTLE KITES GHSS KAKKAT

# e -ഇടം

## KAKKAT'S MONTHLY NEWS PAPER

JULY 2022 VOLUME 1



School wiki

School blog

## "e -ഇടം" വാർത്താപത്രിക പ്രകാശനം ചെയ്തു

ബങ്കളം: ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ "e-ഇടം" എന്നപേരിൽ പ്രസിദ്ധീകരിക്കുന്ന മാസാന്ത്യ വാർത്താ പത്രികയുടെ പ്രകാശനം പി ടി എ പ്രസിഡന്റ് ശ്രീ കെ വി മധു നിർവ്വഹിച്ചു. സ്കൂളിൽ നടക്കുന്ന പ്രവർത്തനങ്ങൾ എല്ലാവരിലേക്കും എത്തിക്കാനുള്ള ലിറ്റിൽ കൈറ്റിന്റെ ഈ പുതുസംരഭത്തിന് അദ്ദേഹം എല്ലാ ആശംസകളും നേർന്നു. ചടങ്ങിൽ ഹെഡ്മാസ്റ്റർ ശ്രീ പി വിജയൻ അധ്യക്ഷത വഹിച്ചു





ലിറ്റിൽ കൈറ്റ്സ് പുതുമയുള്ള കൂടുതൽ പ്രവർത്തനങ്ങളുമായി ഇനിയും മുന്നോട്ട് വരണം എന്ന് ഹെഡ്മാസ്റ്റർ അധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു. ശ്രീമതി ശശിലേഖ ടീച്ചർ ആശംസകളർപ്പിച്ച് സംസാരിച്ചു. കൈറ്റ് മാസ്റ്റർ കെ സന്തോഷ്, മിസ്ട്രസ്സ് സി ഷീല എന്നിവർ ചടങ്ങിൽ സംബന്ധിച്ചു. കൈറ്റ് ലീഡർ ഉജ്ജ്വൽ ഹിരൺ സ്വാഗതവും ഭവ്യ പി നന്ദിയും പറഞ്ഞു.

## ഉച്ചഭക്ഷണം ഉഷാറാക്കാൻ രക്ഷിതാക്കളും

ഉച്ചഭക്ഷണ പദ്ധതിയുമായി സഹകരിക്കാൻ രക്ഷിതാക്കളും മുന്നിട്ടിറങ്ങി. ഓരോ ദിവസവും ഓരോ ക്ലാസ്സിലെ കുട്ടികളുടെ രക്ഷിതാക്കൾ സ്കൂളിൽ വന്ന് വേണ്ട സഹായസഹകരണങ്ങൾ ചെയ്യുന്നു. ഒപ്പം ആ ക്ലാസ്സിന്റെ വകയായുള്ള വിഭവ സമാഹരണവുംനടക്കുന്നു.



## ബഷീർ അനുസ്മരണം

വിദ്യാരംഗം കലാ സാഹിത്യ വേദിയുടെ ആഭിമുഖ്യത്തിൽ വൈക്കം മുഹമ്മദ് ബഷീറിനെ അനുസ്മരിച്ചു. എഴുത്തുകാരനും റിട്ട. പ്രിൻസിപ്പാളുമായ ശ്രീ.എൻ.ജയപ്രകാശ് മാസ്റ്റർ അനുസ്മരണ പ്രഭാഷണം നടത്തി. ബഷീർ എന്ന ഇമ്മിണി ബല്യ മനുഷ്യൻ - വിദ്യാർത്ഥികൾ വരച്ച ചിത്രങ്ങളുടെ പ്രദർശനോദ്ഘാടനം പ്രശസ്തപ്രശസ്ത ചിത്രകാരനും ശില്പിയുമായ ശ്രീ.ശ്യാമ ശശി ബഷീർ കഥാപാത്രങ്ങളുടെ കാരിക്കേച്ചർ വരച്ച് ഉദ്ഘാടനം ചെയ്തു.



വിദ്യാരംഗം കൺവീനർ മാളവിക രാജൻ സ്വാഗതവും വിദ്യാരംഗം ജോ. കോഡിനേറ്റർ ടി.വി.സുധീർ കുമാർ നന്ദിയും പറഞ്ഞു.

ഹെഡ്മാസ്റ്റർ പി.വിജയൻ മാസ്റ്റർ അധ്യക്ഷത വഹിച്ചു. ബഷീറിന്റെ വിവിധ കഥാപാത്രങ്ങളായ ഒറ്റക്കണ്ണൻ പോക്കർ, സാറാമ്മ , പാത്തുമ്മ, സൈനബ, എട്ടുകാലി മമ്മൂഞ്ഞ്, ആനവാരി രാമൻ നായർ, പൊൻകുരിശ് തോമ , മജീദ് എന്നിവരായി കുട്ടികൾ ക്ലാസ്സുകളിൽ എത്തി.



## വി.സാംബശിവൻ അനുസ്മരണം

പ്രശസ്ത കാഥികനും കഥാപ്രസംഗ കലയെ ജനകീയനാക്കുകയും ചെയ്ത വി.സാംബശിവനെ വിദ്യാരംഗം കലാസാഹിത്യവേദി അനുസ്മരിച്ചു.ടി.അശോകൻ മാസ്റ്റർ അനുസ്മരണ പ്രഭാഷണം നടത്തി.ഒമ്പതാം ക്ലാസ്സിലെ മാളവിക രാജൻ കഥാപ്രസംഗം അവതരിപ്പിച്ചു. വിദ്യാരംഗം കോഡിനേറ്റർ ഡോ. പി.കെ.ദീപക് സ്വാഗതവും എം.ശശിലേഖ അധ്യക്ഷത വഹിച്ചു.

### അറിയിപ്പ്

വിദ്യാരംഗം കലാസാഹിത്യ വേദിയുടെ ആഭിമുഖ്യത്തിൽ എല്ലാമാസവും സ്കൂളിലെ മികച്ച വായനക്കാരെ കണ്ടെത്തി പുരസ്കാരം നൽകാൻ തീരുമാനിച്ചു . കുട്ടികൾ അവർ വായിച്ച പുസ്തകങ്ങളെ കുറിച്ചുള്ള വായനാ കുറിപ്പ് ഓരോ മാസവും 25-ആം തീയ്യതിക്കകം ദീപക് മാസ്റ്ററെ ഏല്പിക്കുക

## pi അപ്രോക്സിമേഷൻ ഡേ

മാത്ത്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ pi approximation day ആചരിച്ചു. പത്താം തരം വിദ്യാർത്ഥി അമൻ പി വിനയ് ക്ലാസ്സ് കൈകാര്യം ചെയ്തു. രാവിലെ ഗണിത പ്രാർഥന, തുടർന്ന് കുട്ടികൾക്കായി ജ്യോമട്രിക്കൽ ചാർട്ട് നിർമ്മാണം, ഗണിത ക്വിസ്സ്, പസിൽ, ഗെയിമുകൾ തുടങ്ങിയവയും സംഘടിപ്പിച്ചു. മുനീർ മാഷ്, രതി ടീച്ചർ, റീന ടീച്ചർ എന്നിവർ നേതൃത്വം നല്കി.



## ചാന്ദ്രദിനം

ചന്ദ്രനിൽ ആദ്യമായി കാലു കുത്തിയതിന്റെ വിജയാഹ്ളാദത്തിൽ നീൽ ആംസ്ട്രോങ്ങ് പറഞ്ഞ വാക്കുകൾ " ഇത് ഒരു മനുഷ്യന്റെ ചെറിയ കാൽ വെയ്പ്പ് പക്ഷെ മാനവരാശിക്ക് ഒരു കുതിച്ചുചാട്ടം " . ഈ വാക്കുകൾ അന്വർത്ഥമാക്കുന്ന രീതിയിലായിരുന്നു കുട്ടികളുടെ ചാന്ദ്രദിനാഘോഷം. രാവിലെ ഹരിനാരായണൻ മാസ്റ്റർ എഴുതി ഈണം നല്കിയ ചാന്ദ്രദിന പ്രാർത്ഥനയോടെ പരിപാടികൾ ആരംഭിച്ചു. തുടർന്ന് കാർത്തിക് സി മാണിയൂർ ചാന്ദ്രദിന സന്ദേശം നല്കി. എൽ പി വിഭാഗം കുട്ടികൾ പല വലിപ്പത്തിലുള്ള റോക്കറ്റുകളുടെ മാതൃക തയ്യാറാക്കുകയും പ്രദർശിപ്പിക്കുകയും ചെയ്തു.



തയ്യാറാക്കിയ ചുമർ പത്രികകൾ വിജ്ഞാനത്തിന്റെ കലവറയായിരുന്നു. അതിൻറെ പ്രദർശനവും നടത്തി. തുടർന്ന് അവർക്കായി ക്വിസ്സ് മത്സരവും സംഘടിപ്പിച്ചു.

യു പി വിഭാഗം വിദ്യാർത്ഥികൾക്കായി പോസ്റ്റർ രചനാ മത്സരം, ഹൈസ്കൂൾ വിഭാഗം കുട്ടികൾക്കായി ചാന്ദ്രദിന ക്ലാസ്സ് എന്നിവ സംഘടിപ്പിച്ചു. ജയിംസ് വെബ്ബ് സ്പേസ് ടെലസ്കോപ്പിനെ കുറിച്ച് മാസ്റ്റർ കാർത്തിക് സി മാണിയൂർ ക്ലാസ്സ് കൈകാര്യം ചെയ്തു. ഉച്ചയ്ക്ക് ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ പ്രത്യേക റേഡിയോ പ്രോഗ്രാം "കക്കാട്ട് വാണി" സംപ്രേക്ഷണം ചെയ്തു.



## ക്ലാസ്സ് പി ടി എ

ഒന്ന് മുതൽ ഒൻപത് ക്ലാസ്സുകളിലെ ക്ലാസ്സ് പി ടി എ ജൂലൈ രണ്ടാം വരത്തിൽ വിവിധ തീയ്യതികളിൽ ഉച്ചയ്ക്ക് 2.30 ന് നടന്നു. പത്താം തരം വിദ്യാർത്ഥികളുടെ ക്ലാസ്സ് പി ടി എ ജൂലൈ 27, 29 തീയ്യതികളിൽ നടന്നു. കുട്ടികളുടെ പഠന നിലവാരം, മികച്ച വിജയം കൈവരിക്കാൻ വേണ്ടി നടത്തേണ്ട പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ നിർദ്ദേശങ്ങൾ എന്നിവ സജീവമായി ക്ലാസ്സ് പി ടി എ കളിൽ ചർച്ച ചെയ്തു.

## ക്വിസ്സ് മത്സരം

ചാന്ദ്രദിനത്തോട് അനുബന്ധിച്ച് സംഘടിപ്പിച്ച ക്വിസ്സ് മത്സരത്തിന്റെ ഫൈനൽ റൗണ്ട് ക്ലാസ്സ് അടിസ്ഥാനത്തിൽ ഡിജിറ്റൽ ക്വിസ്സ് മത്സരമായി സംഘടിപ്പിച്ചു. പ്രിലിമിനറി റൗണ്ടിൽ കൂടുതൽ മാർക്ക് നേടിയ രണ്ട് കുട്ടികളെ ഒരു ടീമായി ഒരു ക്ലാസ്സിൽ നിന്നും പങ്കെടുപ്പിച്ചു. ശ്രീ അനിൽ മാസ്റ്റർ, സന്തോഷ് മാസ്റ്റർ, ശ്രീമതി രജിഷ ടീച്ചർ, ശ്രീമതി ശ്രീജ ടീച്ചർ എന്നിവർ നേതൃത്വം നല്കി. യു പി വിഭാഗത്തിൽ അഞ്ചാം സി ക്ലാസ്സിലെ വൈഗ രാജൻ, ഭരധ്വാജ് എന്നിവരടങ്ങുന്ന ടീം ഒന്നാം സ്ഥാനവും അഞ്ചാ എ ക്ലാസ്സിലെ അഭിൻശങ്കർ, അശ്വഘോഷ് ടീം രണ്ടാം സ്ഥാനവും നേടി. ഹൈസ്കൂൾ വിഭാഗത്തിൽ 9A ക്ലാസ്സിലെ ഉജ്ജ്വൽ ഹിരൺ,ദേവദത്ത് കെ വി എന്നിവരടങ്ങുന്ന ടീമും, 9D ക്ലാസ്സിലെ മാധവ് ടി വി, ആര്യനന്ദ ടീമും ഒന്നാംസ്ഥാനം നേടി. 9B ക്ലാസ്സിലെ ദീപക് ദേവ്, മാളവിക രാജൻ എന്നിവർ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടി.

## ശാസ്ത്രരംഗം സർട്ടിഫിക്കറ്റ് വിതരണം

ശാസ്ത്രരംഗം സബ് ജില്ലാ, ജില്ലാതല മൽസര വിജയികൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. സയൻസ് ക്ലബ്ബ് ലീഡർ കാർത്തിക് സി മാണിയൂർ സ്വാഗതം പറഞ്ഞു. ഹെഡ്മാസ്റ്റർ ശ്രി പി വിജയൻ ഉത്ഘാടനവും സർട്ടിഫക്കറ്റ് വിതരണവും നിർവ്വഹിച്ചു. സീനിയർ അസിസ്റ്റന്റ് കെ പ്രീത, അനിൽ കുമാർ കെ വി, രജിഷ പി വി, സന്തോഷ് കെ എന്നിവർ സംസാരിച്ചു. അമൻ പി വിനയ് ( വീട്ടിലൊരു പരീക്ഷണം- ഒന്നാം സ്ഥാനം), മാധവ് ടി വി ( ഗണിത ശാസ്ത്രാവതരണം- രണ്ടാം സ്ഥാനം), ഭവ്യ പി വി ( നിർമ്മാണ മത്സരം- മൂന്നാം സ്ഥാനം), കാർത്തിക് സി മാണിയൂർ ( എന്റെ ശാസ്ത്രജ്ഞൻ, ജീവചരിത്ര കുറിപ്പ് - മൂന്നാം സ്ഥാനം), ഉജ്ജ്വൽ ഹിരൺ ( പ്രൊജക്ട്- മൂന്നാം സ്ഥാനം), എന്നിവരും യു പി വിഭാഗത്തിൽ അനന്യ ( ശാസ്ത്ര ഗ്രന്ഥാസ്വാദനം- ഒന്നാംസ്ഥാനം) അനുഗ്രഹ് പി (വീട്ടിലൊരുപരീക്ഷണം- രണ്ടാം സ്ഥാനം) എന്നിവരും സർട്ടിഫിക്കറ്റുകൾ ഏറ്റ് വാങ്ങി



## സ്പോർട്സ് വാർത്തകൾ

ബാനം സ്കൂളിൽ വെച്ച നടന്ന ജില്ലാതല വടംവലി മത്സരത്തിൽ അണ്ടർ 13, അണ്ടർ-15 വിഭാഗങ്ങളിൽ ആൺകുട്ടികളും പെൺകുട്ടികളുടെയും ടീമുകൾ പങ്കെടുത്തു. അണ്ടർ 13 ആൺകുട്ടികളുടെ വിഭാഗത്തിൽ ജില്ലാ ക്യാമ്പിലേക്ക് 6 B ക്ലാസ്സിലെ മുഹമ്മദ് അജ്മൽ സെലക്ട് ചെയ്യപ്പെട്ടു.



### സുബ്രതോ കപ്പ് സബ് ജില്ലാ വിജയികൾ

നീലേശ്വരം ചിറപ്പുറം മിനി സ്റ്റേഡിയത്തിൽ വച്ച് നടന്ന 2022-23 വർഷത്തെ സുബ്രതോ കപ്പ് ഫുട്ബോൾ മത്സരത്തിൽ



പെൺകുട്ടികളുടെ വിഭാഗത്തിൽ ഒന്നാം സ്ഥാനവുംസബ് ജൂനിയർ ബോയ്സ് വിഭാഗത്തിൽ റണ്ണർ അപ്പും ആയി കക്കാട്ട് സ്കൂൾ മികച്ച നേട്ടം കൈവരിച്ചു.



## കക്കാട്ടെ പെൺകരുത്ത് ഇനി KBFC യിൽ

കക്കാട്ടെ പൂർവ്വ വിദ്യാർത്ഥികളും സ്കൂൾ വനിതാ ഫുട്ബോൾ താരങ്ങളുമായ അഞ്ജിത എം , ആരതി വി വി, കൃഷ്ണപ്രിയ, അശ്വതി പി എന്നിവർ കേരള ബ്ലാസ്റ്റേഴ്സ് ഫുട്ബാൾ ടീമിന്റെ വനിതാ ഫുട്ബോൾ ടീമിലേക്ക് തിരഞ്ഞെടുക്കപെട്ടു.

